**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2500** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പ് വർഷം എത്ര വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ; | (എ) | 1,06,000 വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്.<br><br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങ ളുമായി കരാറിലേർപ്പെട്ട 65,987 ഗുണഭോക്താക്കളിൽ 32,650 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 33,337 ഗുണഭോക്താക്കൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിനുപുറമെ സർക്കാരിന്റെ 15.11.22-ലെ സ.ഉ.(സാധാ) നം. 2806/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2018-ലും 2022 ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ടഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്ക് പകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളേയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടി ട്ടുള്ള ഭവനരഹിതരേയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന്അനുമതി നൽകിയിട്ടുണ്ട്.<br><br>സർക്കാരിന്റെ 15.11.22-ലെ സ.ഉ.(സാധാ)2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം 2017 ൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിലും 2019 ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവന രഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ നിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിത പട്ടികയിലെ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഈയിനത്തിൽ ചെലവഴിച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ? | (ബി) | പൊതു വിഭാഗം/ പട്ടിക ജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിൽ പ്പെട്ട ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപയാണ് നൽകിവരുന്നത്. വിദൂര സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടിക വർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയാണ് ഭവന നിർമ്മാണാനു കൂല്യമായി നൽകുന്നത്. നടപ്പുവർഷം ഇതുവരെ ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി 525.4 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ